# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4416

19.10.2011-ൽ മറുപടിക്ക്

## കാഷ്വൽ തൊഴിലാളികളുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) പടന്നക്കാട് കാർഷിക കോളേജ്, പിലിക്കോട്, നീലേശ്വരം ഫാം എന്നിവിടങ്ങളിലേക്ക് കാഷ്വൽ തൊഴിലാളികളെ നിയമിക്കുന്നതിനുവേണ്ടി കാർഷിക സർവ്വകലാശാല നടപടികൾ സ്വീകരിച്ചിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | എ) നടപടികൾ സ്വീകരിച്ചിരുന്നു. |
| (ബി) വിവിധ പരീക്ഷകൾ നടത്തിയതിനുശേഷം നിയമനത്തിന് പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | ബി) നിയമനത്തിനുള്ള റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനങ്ങളിൽ ആകെ എത്ര ഒഴിവുകളാണ് ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ; | സി) സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ നിയമിക്കേണ്ട കാഷ്വൽ തൊഴിലാളികളുടെ എണ്ണം സർകലാശാലാ ഭരണസമിതിയുടെ 469-ാമതു യോഗം നിശ്ചയിച്ചിട്ടുണ്ട്. അതിൻപ്രകാരം നിയമിക്കേണ്ട കാഷ്വൽ തൊഴിലാളികളുടെ എണ്ണം താഴെ ചേർക്കുന്നു. |

| കേന്ദ്രം | പുരുഷൻ | സ്ത്രീ |
|---|---|---|
| പടന്നക്കാട് | 4 | 10 |
| പിലിക്കോട് (നീലേശ്വരമടക്കം) | 20 | 20 |

| | | | |
|---|---|---|---|
| ഡി) | കാഷ്വൽ തൊഴിലാളികളുടെ നിയമനം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കാമോ ? | ഡി) | ഓടക്കാലി സ്റ്റേഷനിൽ 2001ൽ നടന്ന കാഷ്വൽ തൊഴിലാളി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അന്നത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ഏതാനും പേർ ഫയൽ ചെയ്ത WP 16914/2003ൽ 01.12.2010ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ, 2001ലെ പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ആളുകൾക്കും നിയമനം നൽകിയ ശേഷം മാത്രമേ സർവ്വകലാശാലയുടെ മറ്റു കേന്ദ്രങ്ങളിൽ തൊഴിലാളി നിയമനം നടത്താവൂ എന്ന് നിഷ്കർച്ചിട്ടുണ്ട്. പ്രസ്തുത വിധിയെ തുടർന്ന് മേൽപ്പറഞ്ഞ മൂന്ന് കേന്ദ്രങ്ങളിലേതടക്കമുള്ള കാഷ്വൽതൊഴിലാളി നിയമനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത വിധിക്കെതിരേ സർവ്വകലാശാല അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. വിധിയുടെ പ്രതികൂല ഭാഗങ്ങൾ നീക്കി കിട്ടുന്ന മുറക്ക് കാഷ്വൽ തൊഴിലാളി നിയമനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ